**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 946** **31-01-2024 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ഹാജിയാർപള്ളിയിൽ വനം വകുപ്പിന്റെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം മണ്ഡലത്തിലെ ഹാജിയാർപള്ളിയിൽ വനം വകുപ്പിന്റെ അധീനതയിൽ ഉള്ള ഒരു ഹെക്ടർ ഭൂമിയിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന പദ്ധതികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | മലപ്പുറം സാമൂഹിക വനവത്കരണ വിഭാഗത്തിന്റെ കീഴിൽ വരുന്ന ഹാജിയാർ പള്ളി എന്ന സ്ഥലത്ത് ഒരു ഹെക്ടർ വനം വകുപ്പിനുണ്ട്. പരിസ്ഥിതി ദിനത്തിന്റെയും മറ്റ് വിവിധ ദിനാചരണങ്ങളുടെയും ഭാഗമായി നിരവധി വൃക്ഷത്തൈകൾ ഈ സ്ഥലത്ത് വച്ചുപിടിപ്പിച്ചിട്ടുണ്ട്. ഈ സ്ഥലം ചെങ്കൽ നിറഞ്ഞ ഭൂമിയാണ്. വെള്ളത്തിന്റെ ലഭ്യത നന്നെ കുറവുള്ള ഒരു കുന്നിൻപ്രദേശമാണിത്. ഈ സ്ഥലം ഫലപ്രദമായി വിനിയോഗിക്കുന്നതിനായി സമഗ്ര പഠനം നടത്തുകയും ഒരു സൂക്ഷ്മാസൂത്രണ രേഖ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഈ സൂക്ഷ്മാസൂത്രണ രേഖ പ്രകാരം സ്ഥലത്ത് ചിത്രശലഭ ഉദ്യാനം, ബയോ ഡൈവേഴ്സിറ്റി പാർക്ക്, ഇന്റർപ്രെട്ടേഷൻ സെന്റർ, ബാംബൂ സെറ്റം തുടങ്ങിയവ തയ്യാറാക്കുന്നതിനായാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. ചിത്രശലഭ ഉദ്യാനം, ബയോ ഡൈവേഴ്സിറ്റി പാർക്ക്, ബാംബൂ സെറ്റം എന്നിവ പ്രസ്തുത സ്ഥലത്ത് സ്ഥാപിക്കുന്നത് 'കൽപ്പതരു' എന്ന പ്രോജെക്ടിൽ ഉൾപ്പെടുത്തി നിർവഹിക്കുന്നതിന് ഭരണാനുമതി നൽകുന്ന വിഷയം സർക്കാർ പരിഗണനയിലാണ് |
| (ബി) | ബൊട്ടാണിക്കൽ ഗാർഡൻ, ഇക്കോ പാർക്ക്, ഇക്കോ ഷോപ്പ്, ബട്ടർഫ്ലൈ പാർക്ക്, എന്നിവ തുടങ്ങുന്നതിനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; എത്ര രൂപയുടെ പദ്ധതിയാണ് വിഭാവനം ചെയ്യുന്നത് എന്ന് വിശദമാക്കുമോ; | (ബി) | തയ്യാറാക്കിയിട്ടുള്ള മൈക്രോപ്ലാൻ പ്രകാരം 200 ലക്ഷം രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. ബാംബൂ സെറ്റം – 10 ലക്ഷം, ബട്ടർഫ്ളൈ പാർക്ക് – 5 ലക്ഷം, കൺസർവേഷൻ എഡ്യൂക്കേഷൻ സെന്റർ - 100 ലക്ഷം, ഇൻഫർമേഷൻ സെന്റർ - 35 ലക്ഷം, ഇന്റർപ്രെട്ടേഷൻ സെന്റർ -25 ലക്ഷം, ഇക്കോ ഷോപ്പ് – 10 ലക്ഷം, റഫറൻസ് ലൈബ്രറി – 15 ലക്ഷം എന്നിവ പ്രകാരമാണ് മതിപ്പ് ചെലവ് കണക്കാക്കിയിട്ടുള്ളത്. |
| (സി) | പ്രസ്തുത പദ്ധതികൾ യഥാർഥ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (സി) | ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രസ്തുത പ്രവർത്തികൾ യാഥാർത്ഥ്യമാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ